പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2911 — 20/03/2015 -ൽ മറുപടിക്ക്

**<u>രജിസ്ട്രേഷൻ വകുപ്പിലെ നൈറ്റ് വാച്ചർ നിയമനം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ടി.വി.രാജേഷ് | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിൽ നൈറ്റ് വാച്ചർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;<br><br>ബി) പ്രസ്തുത തസ്തികയിൽ ഏതെങ്കിലും സ്വകാര്യ ഏജൻസി വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | എ) & ബി) രജിസ്ട്രേഷൻ വകുപ്പിൽ പുതുതായി നൈറ്റ് വാച്ചർ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. 26/09/2014-ലെ ജി.ഒ.(ആർ.റ്റി).778/ 2014/നിവ. നമ്പർ ഉത്തരവ് പ്രകാരം 311 സബ് രജിസ്ട്രാർ ഓഫീസുകളിൽ "Kerala State Ex-Servicemen Development and Rehabilitation Corporation (KEXCON)"-ൽനിന്ന് രാത്രി കാവൽ ജോലി ചെയ്യുന്നതിന് ആളെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ സുരക്ഷാ സംബന്ധമായ എല്ലാ തൊഴിലുകൾക്കും KEXCON -ൽ നിന്ന് മാത്രമേ ആളെ നിയമിക്കാവൂ എന്ന് പൊതുഭരണ (സൈനികക്ഷേമ) വകുപ്പിൽ നിന്ന് 04/10/2012-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് രജിസ്ട്രേഷൻ വകുപ്പിലെയും കാവൽ ജോലി KEXCON -നെ ഏല്പിച്ചത്. വകുപ്പിലെ ഓഫീസ് അറ്റന്റന്റുമാർ രാത്രികാവൽ ജോലി കൂടി ചെയ്യേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനുകൂടിയാണ് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.